KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank | Vol.2 | Issue.7 | July 2022

# കേരള ബാങ്കിന്റെ 'മിഷൻ 100 ഡേയ്സ്' മന്ത്രി ശ്രീ. വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്തു



കേരള ബാങ്കിന്റെ 100 ദിന കർമ്മ പദ്ധതി 'മിഷൻ 100 ഡേയ്സ്' ഉദ്ഘാടനവും ലോഗോ പ്രകാശനവും സഹകരണ-രജിസ്ട്രേഷൻ-സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ നിർവ്വഹിക്കുന്നു.

സഹകരണ മേഖലയ്ക്കെതിരെ വരുന്ന എല്ലാത്തരം ആക്രമണങ്ങളെയും പ്രതിരോധിക്കാൻ ഊർജ്ജിതമായി ജാഗ്രതയോടെ പ്രവർത്തിക്കണമെന്ന് സഹകരണ-രജിസ്ട്രേഷൻ-സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ. കേരള ബാങ്കിന്റെ 100 ദിന കർമ്മ പദ്ധതി 'മിഷൻ 100 ഡേയ്സ്' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. എറണാകുളം കാക്കനാട് കേരള ബാങ്ക് ഓഡിറ്റോറിയത്തിൽ

KERALA BANK MISSION 100 DAYS

'Mission 100 days' ലോഗോ

ജൂലൈ 30-ന് നടന്ന ചടങ്ങിൽ സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി ഐ.എ.എസ്. അദ്ധ്യക്ഷത വഹിച്ചു.

കേരള ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ആറ് ശതമാനത്തിൽ താഴെ നിലനിർത്താനുള്ള പരിശ്രമമാണ് നടത്തിവരുന്നത്. നിഷ്ക്രിയ ആസ്തിയിൽ നിന്ന് 600 കോടി രൂപ വരുന്ന 100 ദിവസത്തിനുള്ളിൽ പിരിച്ചെടുക്കുവാനുള്ള ദൗത്യമാണ് മിഷൻ 100 ഡേയ്സിലൂടെ ലക്ഷ്യമിടുന്നത്. കേരള ബാങ്കിന്റെ ബി ദ നമ്പർ വൺ ക്യാമ്പയിനിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം നിഷ്ക്രിയ ആസ്തി വലിയ തോതിൽ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. എന്നാൽ വായ്പ വിതരണത്തിൽ കൂടുതൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു. മിഷൻ 100 ഡേയ്സ് കർമ്മ പദ്ധതിയുടെ ലോഗോ ചടങ്ങിൽ മന്ത്രി പ്രകാശനം ചെയ്തു.

ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനം നല്ല ഫലങ്ങളുണ്ടാക്കുമെന്ന് തെളിയിക്കുവാൻ കേരള ബാങ്കിന് കഴിഞ്ഞുവെന്ന് ശ്രീമതി മിനി ആന്റണി ഐ.എ.എസ്. അഭിപ്രായപ്പെട്ടു. മിഷൻ 100 ഡേയ്സ് കർമ്മ പദ്ധതി പ്രകാരം കുടിശ്ശിക ഒഴിവാക്കിയ ആദ്യ വായ്പക്കാരനിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ ശ്രീ. അലക്സ് വർഗീസ് ഐ.എ.എസ്. തുക ഏറ്റുവാങ്ങി.

കേരള ബാങ്ക് സി.ഇ.ഒ. ശ്രീ. പി. എസ്. രാജൻ, ചീഫ് ജനറൽ മാനേജർ ശ്രീ. കെ. സി. സഹദേവൻ, റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ, ജനറൽ മാനേജർ ഡോ.എൻ. അനിൽകുമാർ എന്നിവർ സംസാരിച്ചു.

# കേരള ബാങ്ക് - 100 ദിവസ കർമ്മ പദ്ധതി: 600 കോടി രൂപയുടെ വായ്പാ കുടിശ്ശിക തിരിച്ചുപിടിക്കും



കേരള ബാങ്ക് 100 ദിവസ കർമ്മപദ്ധതിക്ക് രൂപം നൽകി. 2022 ആഗസ്റ്റ് 1 മുതൽ നവംബർ 8 വരെയുള്ള 100 ദിവസമാണ് കർമ്മപദ്ധതി നടപ്പാക്കുന്നത്.

100 ദിവസം കൊണ്ട് 600 കോടി രൂപയുടെ വായ്പാകുടിശ്ശിക തിരിച്ചുപിടിക്കാനുള്ള അതിതീവ്രയജ്ഞത്തിനാണ് കേരള ബാങ്ക് രൂപം നൽകിയിരിക്കുന്നത്.

'Mission 100 days' എന്ന് നാമകരണം ചെയ്ത ഈ യജ്ഞത്തിലൂടെ 100% കരുതൽ ആവശ്യമായ നിഷ്ക്രിയ ആസ്തികളായ വായ്പകളെയാണ് തിരിച്ചുപിടിക്കാൻ ലക്ഷ്യമിടുന്നത്. ഈ യജ്ഞം വിജയകരമായി പൂർത്തീയാക്കുന്നതോടെ ബാങ്കിന്റെ മുൻകാല സഞ്ചിത നഷ്ടം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയും. മുൻകാല സഞ്ചിത നഷ്ടം ഇല്ലാതാകുന്നതോടെ നിലവിൽ നല്ല രീതിയിലുള്ള പ്രവർത്തന ലാഭം കൈവരിക്കുന്ന കേരള ബാങ്കിന് RBI നിഷ്കർഷിക്കുന്ന 7%-ൽ താഴെ NPA യിലേക്ക് എത്താൻ സാധിക്കും.

സഞ്ചിത നഷ്ടം ഇല്ലാതാകുന്നതോടെ മൂലധന പര്യാപ്തത 12% കൈവരിക്കാൻ കഴിയും. RBI നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കപ്പെടുന്നതോടെ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും NRI അക്കൗണ്ട് ഓപ്പണിംഗ് സൗകര്യങ്ങളും ഉൾപ്പെടെയുള്ള എല്ലാ ആധുനിക സേവനങ്ങളും നൽകാൻ കേരള ബാങ്ക് പ്രാപ്തി നേടും. ജൂലൈ 22 ന് തിരുവനന്തപുരം കോവളത്ത് ആർട്സ് ആന്റ് ക്രാഫ്റ്റ്സ് വില്ലേജിൽ സംഘടിപ്പിച്ച 'Mission 100 days' ശില്പശാലയിലാണ് കർമ്മപദ്ധതിക്ക് രൂപം നൽകിയത്. കർമ്മപദ്ധതിയുടെ ഔദ്യോഗിക ലോഞ്ചിംഗ് ആഗസ്റ്റ് 1-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള നാലു മാസക്കാലം സംഘടിപ്പിച്ച 'Be the Number One' ക്യാമ്പയിന്റെ രണ്ടാം ഘട്ടമായിട്ടാണ് 'Mission 100 days' വിഭാവനം ചെയ്തിരിക്കുന്നത്.

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്ക് ആക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച 'Be the Number One' ക്യാമ്പയിനിൽ മികച്ചനേട്ടം കൈവരിച്ചവർക്കുള്ള മിനിസ്റ്റേഴ്സ് ട്രോഫിയും KB Excellence Award ഉം ഈ ചടങ്ങിൽ വിതരണം ചെയ്തു.

ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ അധ്യക്ഷനായ അവാർഡ് ദാന ചടങ്ങിന്റെ ഉദ്ഘാടനവും മിനിസ്റ്റേഴ്സ് ട്രോഫി വിതരണവും സഹകരണ, രജിസ്ട്രേഷൻ-സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. വി.എൻ. വാസവൻ നിർവ്വഹിച്ചു. സംഘങ്ങൾക്കും അർബൻ ബാങ്കിനുമുള്ള Excellence അവാർഡ് വിതരണം ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു നിർവ്വഹിച്ചു.

ബാങ്കിന്റെ സോഷ്യൽ മീഡിയ ലോഞ്ചിംഗ് സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി മിനി ആന്റണി IAS നിർവ്വഹിച്ചു. ബാങ്ക് വൈസ് പ്രസിഡന്റ്, ശ്രീ.എം.കെ. കണ്ണൻ, സഹകരണ സംഘം രജിസ്ട്രാർ ശ്രീ. അലക്സ് വർഗീസ് IAS, ബോർഡ് ഓഫ് മാനേജ്മെന്റ് ചെയർമാൻ, ശ്രീ.വി. രവീന്ദ്രൻ, കേരള ബാങ്ക് ഭരണസമിതി അംഗങ്ങൾ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗങ്ങൾ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്. രാജൻ, ചീഫ് ജനറൽ മാനേജർമാരായ ശ്രീ.കെ.സി. സഹദേവൻ, ശ്രീ.റോയി എബ്രഹാം തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

NABARD
Published with assistance from NABARD under Co-operative Development Fund

# വായ്പേതര സംഘങ്ങളെ കുറിച്ചുള്ള പഠന റിപ്പോർട്ട് സമർപ്പിച്ചു




സംസ്ഥാന വായ്പേതര സഹകരണ സംഘങ്ങളെ കുറിച്ച് പഠിക്കാൻ കേരള ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതി ചെയർമാനും, കൺസ്യൂമർഫെഡ് ചെയർമാനുമായ ശ്രീ.എം.മെഹബൂബ് കേരള ബാങ്ക് പ്രസിഡന്റ് ശ്രീ.ഗോപി കോട്ടമുറിക്കലിനു റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാന വായ്പേതര സഹകരണ സംഘങ്ങളെ കുറിച്ച് പഠിക്കാൻ കേരള ബാങ്ക് ഭരണസമിതി നിയോഗിച്ച ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചു. സമിതി ചെയർമാനും, കൺസ്യൂമർഫെഡ് ചെയർമാനുമായ ശ്രീ. എം. മെഹബൂബ് റിപ്പോർട്ട് കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കലിനു സമർപ്പിച്ചു. കേരള ബാങ്ക് ഡയറക്ടർമാരായ ശ്രീ. ഇ. രമേഷ് ബാബു, ശ്രീ. കെ.വി. ശശി എന്നിവരാണ് സമിതിയുടെ മറ്റ് അംഗങ്ങൾ.

ഇതര സംഘങ്ങൾ നേരിടുന്ന നിരവധി പ്രശ്നങ്ങളിൽ പഠനം നടത്തി സംഘങ്ങൾക്ക് ഉത്തേജകമാകുന്ന രീതിയിൽ പദ്ധതികൾ ഒരുക്കാനാണ് സമിതി രൂപീകരിച്ചത്.

ഇതര സംഘങ്ങളുടെ പ്രസിഡന്റുമാരുമായി ജില്ലാ അടിസ്ഥാനത്തിൽ യോഗം ചേരുകയും, മുതിർന്ന സഹകാരികൾക്ക് ചോദ്യാവലി നൽകി വിവരങ്ങൾ ശേഖരിക്കുകയും ചെയ്താണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. മുൻ ജില്ലാ സഹകരണ ബാങ്കുകൾ ഇതര സംഘങ്ങൾക്ക് നൽകിയ ആനുകൂല്യങ്ങളും സേവനങ്ങളും കേരള ബാങ്ക് രൂപീകരിച്ച ശേഷം ലഭിക്കുന്നില്ല എന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് സമിതി രൂപീകരിച്ചത്. സംസ്ഥാനത്തെ 17,000 ഇതര സംഘങ്ങളെ കുറിച്ച് പഠിച്ച് അവയെ ശാക്തീകരിക്കുന്ന നടപടികൾ സ്വീകരിക്കുന്നത് വഴി സഹകരണ സംഘങ്ങൾ തമ്മിലുള്ള സഹകരണം (Co-operation among Co-operatives) എന്ന അടിസ്ഥാനതത്വം പ്രാവർത്തികമാക്കാനാണ് റിപ്പോർട്ടിൽ ശ്രമിച്ചത്. കേരള ബാങ്ക് രൂപീകരണ ലക്ഷ്യം തന്നെ എല്ലാ സംഘങ്ങളെയും സംരക്ഷിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നുള്ളതാണ്.



കേരള ബാങ്ക് വായ്പാ കൈപ്പുസ്തകം ബാങ്ക് പ്രസിഡണ്ട് ശ്രീ. ഗോപി കോട്ടമുറിക്കൽ തൃശ്ശൂർ റീജിയണൽ ഓഫീസിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്യുന്നു. ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ. M K കണ്ണൻ, റീജിയണൽ ജനറൽ മാനേജർ ശ്രീ. ജോളി ജോൺ, ജനറൽ മാനേജർ ശ്രീ. പി.ആർ. രവിചന്ദ്രൻ, ട്രെയിനിംഗ് ഹെഡ് DGM, ശ്രീ. വി.രവീന്ദ്രൻ, സീനിയർ മാനേജർ ശ്രീ. ടി.ആർ.രമേഷ് എന്നിവർ സന്നിഹിതരായിരുന്നു.



കേരള ബാങ്കിന്റെ ഹൈ ലെവൽ ട്രെയിനിംഗ് പ്രോഗ്രാം തൃശ്ശൂരിൽ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ.ഗോപി കോട്ടമുറിക്കൽ ഉദ്ഘാടനം ചെയ്യുന്നു. ബാങ്ക് വൈസ് പ്രസിഡന്റ് ശ്രീ.എം.കെ. കണ്ണൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.പി.എസ്. രാജൻ, റീജിയണൽ ജനറൽ മാനേജർ, ശ്രീ. ജോളി ജോൺ, ജനറൽ മാനേജർ, ശ്രീ. പി.ആർ. രവിചന്ദ്രൻ, ട്രെയിനിംഗ് ഹെഡ് DGM; ശ്രീ. വി.രവീന്ദ്രൻ, സീനിയർ മാനേജർ ശ്രീ. ടി.ആർ.രമേഷ്, എന്നിവർ സന്നിഹിതരായിരുന്നു.



കേരള ബാങ്കിന്റെ കോർപ്പറേറ്റ് ബിസിനസ്സ് ഓഫീസിനു കീഴിലുള്ള കാർഷിക വായ്പാ വികസന കേന്ദ്രം വായ്പാ പ്രൊജക്റ്റ് അവലോകനം ചെയ്ത് എറണാകുളം CPC വഴി അനുവദിച്ച വായ്പാ തുകയായ 20 ലക്ഷം രൂപ വിനിയോഗിച്ച് ജില്ലയിലെ പിണ്ടിമനയിൽ യുവകർഷകൻ ശ്രീ സനൽ നെടിയറ 2.5 ഏക്കറിൽ ആരംഭിച്ച ഡ്രാഗൺ ഫ്രൂട്ട് കൃഷിത്തോട്ടം. ഡ്രാഗൺ ഫ്രൂട്ടിന് പുറമെ ഒരേക്കറിൽ റംബൂട്ടാനും ഒരേക്കറിൽ അവോക്കാഡോയും ഇദ്ദേഹം കൃഷി ചെയ്യുന്നു.



മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ അംഗമായി കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് മെമ്പർ അഡ്വ. മാണി വിതയത്തിൽ ചുമതലയേൽക്കുന്നു. കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് (റിട്ട.) സി.എൻ. രാമചന്ദ്രൻ നായർ, അംഗം, ശ്രീ.ജി. രതികുമാർ എന്നിവർ സമീപം.

## നവീകരിച്ച വഴിത്തല ശാഖ ഉദ്ഘാടനം ചെയ്തു



കേരള ബാങ്ക് ഇടുക്കി വഴിത്തല ശാഖയുടെ നവീകരിച്ച ഓഫീസിന്റെ ഉദ്ഘാടനം കേരള ബാങ്ക് പ്രസിഡന്റ് ശ്രീ ഗോപി കോട്ടമുറിക്കൽ നിർവഹിച്ചു.

ഇടപാടുകാരുടെ സൗകര്യാർത്ഥം കേരള ബാങ്ക് ഓഫീസുകൾ കെട്ടിടങ്ങളുടെ ഏറ്റവും താഴത്തെ നിലയിലേക്ക് മാറ്റാൻ തീരുമാനിച്ചതായി അദ്ദേഹം പറഞ്ഞു. മുതിർന്നവരെയും, ശാരീരിക ബുദ്ധിമുട്ടുള്ളവരെയും പരിഗണിച്ചാണ് ബാങ്കിന്റെ ഈ തീരുമാനം. കേരള ബാങ്ക് ഡയറക്ടർ ശ്രീ കെ.വി. ശശി അധ്യക്ഷത വഹിച്ചു. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.പി.എസ്. രാജൻ മുഖ്യപ്രഭാഷണം നടത്തി. ജനപ്രതിനിധികളും, സഹകാരികളും, ബാങ്കിലെ മുതിർന്ന ഉദ്യോഗസ്ഥരും ജീവനക്കാരും പങ്കെടുത്തു.



പാലക്കാട് ജില്ലയിലെ കേരള ബാങ്കിന്റെ അഗളി ശാഖയിലെ മാനേജർമാരായ ശ്രീ. സുരേന്ദ്രനും ശ്രീ . ഒ. പി. ഷെരീഫും ദേശീയ പുരസ്കാരം നേടിയ ശ്രീമതി നഞ്ചിയമ്മക്ക് കേരള ബാങ്കിന്റെ സ്നേഹാദരവ് സമർപ്പിക്കുന്നു.

# കേരള ബാങ്ക് അന്താരാഷ്ട്ര സഹകരണദിന റാലി സംഘടിപ്പിച്ചു





അന്തർദേശീയ സഹകരണദിനമായ ജൂലൈ 2 ന് കേരള ബാങ്ക് സഹകരണദിന റാലി സംഘടിപ്പിച്ചു. കവടിയാർ ജംഗ്ഷനിൽ നിന്ന് ആരംഭിച്ച റാലി മുൻ സഹകരണ മന്ത്രിയും, എം.എൽ.എ. യുമായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. മെച്ചപ്പെട്ട ലോകസൃഷ്ടിക്ക് സഹകരണ പ്രസ്ഥാനം എന്ന 100-ാമത് അന്തർദേശീയ സഹകരണദിന സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് റാലി സംഘടിപ്പിച്ചത്.

സ്പോർട്ട്സ് കൗൺസിലിലെ അത്‌ലറ്റുകളും, അനന്തപുരി സ്പോർട്ട്സ് ക്ലബിലെ കുട്ടികളും അണിനിരന്ന റാലി ബാങ്ക് ഹെഡ്ഓഫീസായ കോ-ബാങ്ക് ടവേഴ്സിൽ സമാപിച്ചു. തുടർന്ന് ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ ഹെഡ്ഓഫീസിൽ സഹകരണ പതാക ഉയർത്തുകയും സഹകരണ സന്ദേശം നൽകുകയും ചെയ്തു. കേരള ബാങ്കിന്റെ എല്ലാ റീജിയണൽ ഓഫീസിലും, ക്രെഡിറ്റ് പ്രോസസിംഗ് സെന്ററുകളിലും സഹകരണദിന പരിപാടികൾ നടത്തുകയുണ്ടായി.

റാലിയിലും, ചടങ്ങിലും ബാങ്കിന്റെ ബോർഡ് ഡയറക്ടർ അഡ്വ. എസ്.ഷാജഹാൻ, ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ.ബി.പി.പിള്ള, ചീഫ് ജനറൽ മാനേജർമാരായ ശ്രീ. കെ.സി. സഹദേവൻ, ശ്രീ. റോയി എബ്രഹാം, ജനറൽ മാനേജർമാരായ ശ്രീ. എ.അനിൽ കുമാർ, ശ്രീ. ജിൽസ് മോൻ ജോസ്, ഡെപ്യൂട്ടി ജനറൽ മാനേജർമാർ, മറ്റ് ബാങ്ക് ജീവനക്കാർ എന്നിവർ പങ്കെടുത്തു.



# മിനിസ്റ്റേഴ്സ് ട്രോഫി – KB എക്സലൻസ് അവാർഡ് വിതരണം



കേരള ബാങ്ക് Be the Number One 2021-22 ക്യാമ്പയിനിൽ സംസ്ഥാന തലത്തിൽ മികച്ച റീജിയണൽ ഓഫീസിനുള്ള അവാർഡ് കോഴിക്കോട് RO ക്ക് ലഭിച്ചു. കോഴിക്കോട് റീജിയണൽ ജനറൽ മാനേജർ ശ്രീ.സി.അബ്ദുൾമുജീബ് ബഹു. സഹകരണ, റജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവനിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.






സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ച ക്രെഡിറ്റ് പ്രോസസ്സിംഗ് സെന്റർ (CPC), കോഴിക്കോടിനുള്ള അവാർഡ് ബാങ്ക് ഡയറക്ടർ, ശ്രീ. ഇ. രമേശ് ബാബു, കോഴിക്കോട് റീജിയണൽ ജനറൽ മാനേജർ ശ്രീ.സി.അബ്ദുൾമുജീബ്, CPC ഡെപ്യൂട്ടി ജനറൽ മാനേജർ, ശ്രീ. പി.ബാലഗോപാലൻ എന്നിവർ ചേർന്ന് ബഹു. സഹകരണ, റജിസ്ട്രേഷൻ, സാംസ്കാരിക വകുപ്പുമന്ത്രിയിൽ നിന്നും സ്വീകരിക്കുന്നു.



കേരള ബാങ്ക് സംസ്ഥാനതലത്തിൽ നൽകുന്ന KB എക്സലൻസ് അവാർഡ് (അർബൻ ബാങ്ക്) വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, പാലക്കാട് ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി. എൻ. വാസവനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.



ബാങ്ക് സംസ്ഥാനതലത്തിൽ നൽകുന്ന KB എക്സലൻസ് അവാർഡ് (PACS) വിഭാഗത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം നേടിയ കതിരൂർ സർവീസ് സഹകരണ ബാങ്ക് ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ.വാസവനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു.



'Be the No.One' ക്യാമ്പയിനിൽ സംസ്ഥാനതലത്തിൽ മികച്ച ശാഖാ പുരസ്കാരം പങ്കിട്ട കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ശാഖയും, വയനാട് ജില്ലയിലെ കേണിച്ചിറ ശാഖയും ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ.വാസവനിൽ നിന്ന് ട്രോഫി ഏറ്റുവാങ്ങുന്നു



കേരള ബാങ്ക് ആലപ്പുഴ നടക്കാവ് ഈവെനിംഗ് ശാഖയുടെ സഹകരണത്തോടെ എസ്.എൻ.ഡി.പി യോഗം ചേർത്തല യൂണിയൻ ഓട്ടോറിക്ഷ വിതരണവും JLG വായ്പ വിതരണവും നടത്തി. എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ, കേരള ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിക്കൽ എന്നിവർ ചേർന്ന് ചടങ്ങുകൾ ഉദ്ഘാടനം ചെയ്തു. യോഗം കൗൺസിലർ, ശ്രീ. പി.ടി. മന്മഥൻ, കേരള ബാങ്ക് ഡയറക്ടർ ശ്രീ. എം. സത്യപാലൻ, ജനറൽ മാനേജർ, ശ്രീമതി ലത പിള്ള, യോഗം ഡയറക്ടർ ബോർഡ് അംഗങ്ങളായ ശ്രീ. ബൈജു അറുകുഴി, ശ്രീ. വി. ശശി കുമാർ, ശ്രീ. അനിൽ ഇന്ദീവരം എന്നിവർ സംസാരിച്ചു. യൂണിയൻ അഡ്മിനിസ്ട്രേറ്റർ, ശ്രീ. അനിയപ്പൻ സ്വാഗതവും ശ്രീ. ഗിരീഷ് കുമാർ ഡി കൃതജ്ഞതയും പറഞ്ഞു.

# Transforming Villages.
# Ensuring Prosperity.




NABARD

**Development Bank of the Nation**

www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.PO, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905